# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :334 28.06.2011-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ശാക്തീകരണവും ലോകബാങ്ക് വായ്പയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.ജോർജ് :<br>ശ്രീ.തോമസ് ഉണ്ണിയാടൻ:<br>ശ്രീ.റോഷി അഗസ്റ്റിൻ: | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം മുൻനിർത്തി ലോകബാങ്കിൽ നിന്ന് വായ്പയെടുക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്താണ് എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സേവനപ്രദാനത്തിന് വേണ്ട മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും അധിക അളവിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ധനസഹായം നൽകുക, പ്രസ്തുത സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പദ്ധതി നിർവഹണശേഷി വർദ്ധിപ്പിക്കുന്നതിനു ആവശ്യമായപരിശീലന പരിപാടികൾ നടത്താൻ നിയുക്തമായ കില, എസ്.ഐ.ആർ.ഡി പോലുള്ള സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനങ്ങളും മനുഷ്യവിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനുമുള്ള ഉപാധികൾ നൽകുക, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ വിവരശേഖരം, സേവന പ്രദാന സർവ്വേ, പ്രോജക്ടിന്റെ വിലയിരുത്തൽ പഠനം, സംസ്ഥാന സർക്കാരിനും സംസ്ഥാന ധനകാര്യകമ്മീഷനും മറ്റും ആവശ്യമുള്ള വിശകലനങ്ങൾ എന്നിവ നടത്തുന്നതിന് പറ്റിയ വിവരങ്ങൾ ശേഖരിച്ച് പൊതുജനത്തിന് ലഭ്യമായ രീതിയിൽ വിന്യസിക്കുകയും ചെയ്യുക എന്നിവയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. |

| | | |
|---|---|---|
| (ബി) | ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണ്; | (ബി) 1. 2011 ജനുവരി 1ന് സംസ്ഥാന സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകി.<br>2. 2011 ഫെബ്രുവരി 4 മുതൽ 11 വരെ വായ്പയുടെ നെഗോഷിയേഷൻ ചർച്ച നടത്തി.<br>3. 2011മാർച്ച് 29ന് വായ്പയ്ക്ക് ലോകബാങ്ക് അംഗീകാരം നൽകി.<br>4. 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ പദ്ധതിക്ക് വേണ്ട വിഹിതം ലഭ്യമാക്കി.<br>5.പദ്ധതി നിർവ്വഹണ പങ്കാളികളായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെൻറ് (എസ്.ഐ.ആർ.ഡി), ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻറ് ടാക്സേഷൻ (ഗിഫ്റ്റ്) എന്നിവയുമായി ധാരണാപത്രം ഒപ്പു വെച്ചു.<br>6. പ്രോജക്ട് ഓഫീസ് സംവിധാനവും ഉദ്യോഗസ്ഥരുടെ നിയമനവും നടത്തി. |
| (സി) | ലോകബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) ഉണ്ട്.<br>2008 സെപ്റ്റംബർ 8ന് ലോകബാങ്കിൽ നിന്ന് വായ്പയെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭപ്രവർത്തികൾക്ക് ജി.ഒ(ആർടി) 3324/08/തസ്വഭവ ഉത്തരവ് പ്രകാരം കെ.എസ്.യു.ഡി.പിയെ ചുമതലപ്പെടുത്തി.<br>2010 ഒക്ടോബർ 11ന് ജി.ഒ(ആർടി)നം.3216/2010/തസ്വഭവ ഉത്തരവ് പ്രകാരം കെ.എസ്.യു.ഡി.പി ഡയറക്ടറെ ലോകബാങ്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിന്റെ പ്രോജക്ട് ഡയറക്ടറായി അധികച്ചുമതല നൽകി നിയമിച്ചു.<br>2011ജനുവരി1-ന് ജി.ഒ(എം.എസ്) നം.2/2011/തസ്വഭവഉത്തരവ് പ്രകാരം കേരള ലോക്കൽ ഗവൺമെൻറ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി)നടത്തിപ്പിന് |

| | | |
|---|---|---|
| | | ഔപചാരിക അനുമതി നൽകി. പ്രോജക്ട് ഇംപ്ലിമെൻറേഷൻമാന്വൽ (PIM) അംഗീകരിക്കുകയും,പ്രോജക്ട് മാനേജ് മെൻറ് യൂണിറ്റ് രൂപീകരിക്കുകയും അതിലേയ്ക്കുള്ള തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് ലോകബാങ്കിൽ നിന്ന് എന്ത് തുകയാണ് വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ഈ പദ്ധതിക്കായി മൊത്തം 260 മില്ല്യൺ യു.എസ് ഡോളറാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 200 മില്ല്യൺ യു.എസ് ഡോളറാണ് ലോകബാങ്കിൽ നിന്നും വായ്പയായി എടുക്കാൻ ഉദ്ദേശിക്കുന്നത് ബാക്കി 60 മില്ല്യൺ യു.എസ് ഡോളർ കേരള സർക്കാർ വിഹിതമാണ് ഇതു സംബന്ധിച്ചുള്ള ധാരണാപത്രം ഒപ്പിട്ടിട്ടില്ലാത്തതിനാൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ